## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3165 20/06/2014-ൽ മറുപടിയ്ക്ക്

### പച്ചക്കറി സ്വയം പര്യാപ്തത

ചോദ്യം
ശ്രീ. മോൻസ് ജോസഫ്
,, സി.എഫ്. തോമസ്
, , റ്റി.യു. കുരുവിള

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

എ) പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

എ) പച്ചക്കറി കൃഷിയിൽ സ്വയം പര്യപ്തത കൈവരിക്കുന്നതിനു വേണ്ടി 2014-15 വർഷത്തിൽ സമഗ്ര പച്ചക്കറി കൃഷി എന്ന പദ്ധതി നടപ്പിലാക്കാനുള്ള അനുമതി നൽകിക്കഴിഞ്ഞു. 64 കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത്. അതിൽ 41.11 കോടി രൂപയുടെ പദ്ധതി ഘടകങ്ങൾക്ക് തുടർച്ചാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | **പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക** - 20 രൂപ വിലയുള്ള 50 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും 5 ലക്ഷം കിറ്റുകൾ വീട്ടമ്മമാർ മുഖേനയും, പുരയിട കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സൗജന്യമായി നൽകുന്നു. | 500 |
| 2. | **അർബൻ ക്ലസ്റ്റർ പ്രോത്സാഹനം** 2000/- രൂപ വിലയുള്ള 28334 ഗ്രോബാഗ് യൂണിറ്റുകൾ 75% സബ്സിഡി നിരക്കിൽ മട്ടുപ്പാവ് കൃഷിയ്ക്കായി നൽകുന്നു. | 525 |
| 3. | **വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി**<br>(എ) തെരഞ്ഞെടുക്കുന്ന 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി 4000/- രൂപ സഹായധനം(100 ലക്ഷം).<br>(ബി) വിദ്യാലയങ്ങളിൽ 400 ജലസേചന യൂണിറ്റുകൾ (40 ലക്ഷം).<br>(സി) 2500 വിദ്യാലയങ്ങളിൽ ക്ലബ്ബുകളുടെ പ്രവർത്തനം (25 ലക്ഷം). | 300 |

| | | |
|---|---|---|
| | (ഡി) പ്രോജക്ട്സ്ഥാനത്തിൽ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി (135 ലക്ഷം). | |
| 4. | പരിശീലനവും പ്രചരണവും | 100 |
| 5. | ആകാശവാണി വഴി വിജയ-ഗാഥകൾക്കുള്ള പ്രചരണം | 50 |
| 6. | **ജില്ലാ ക്ലസ്റ്റർ വികസനം.**<br><br>(എ) തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 800 ക്ലസ്റ്ററുകളുകളുടെ വികസനം (ക്ലസ്റ്ററിന് 75,000/- രൂപ നിരക്കിൽ ആകെ 600 ലക്ഷം)<br>(ബി) സ്റ്റാഗേർഡ് ക്ലസ്റ്ററുകൾ-ക്കുള്ള വികസന സഹായം (375 ലക്ഷം).<br>(സി) പമ്പ് സെറ്റുകൾ - 1720 പമ്പ് സെറ്റുകൾ - 10,000 രൂപ നിരക്കിൽ സഹായ ധനം.<br>(ഡി) സസ്യ സംരക്ഷണ ഉപാ-ധികൾ- 1000 യൂണിറ്റിന് 1500 രൂപ നിരക്കിൽ സഹായധനം.<br>(ഇ) ഹരിത ഫണ്ട്- തെരഞ്ഞെടുക്കപ്പെട്ട 800 ക്ലസ്റ്ററുകൾക്ക് 2000 രൂപ നിരക്കിൽ സഹായധനം.<br>(എഫ്) ഇന്നവേഷൻ ഫണ്ട് - ക്ലസ്റ്ററുകളിലെ നൂതന പ്രവർത്തനങ്ങൾക്കായി ഓരോ ജില്ലയ്ക്കും 3 ലക്ഷം രൂപ.<br>(ജി) തരിശു നില കൃഷി ഹെക്ടറിന് 30000 രൂപ നിരക്കിൽ 500 ഹെക്ടറിന് ധനസഹായം.<br>(എച്ച്). പ്രസിദ്ധീകരണങ്ങൾ / മാധ്യമങ്ങൾ വഴി 20 രൂപ വിലയുള്ള 5 ലക്ഷം വിത്തു പായ്ക്കറ്റുകളുടെ വിതരണം. | 1780 |
| 7. | സാങ്കേതിക സഹായവും കരാർ നിയമനവും | 50 |
| 8. | കേരള കാർഷിക സർവ്വകലാശാല - സുരക്ഷിത പച്ചക്കറി ഉൽപാദനം- പ്രോജക്ട് അടിസ്ഥാനത്തിലുള്ള ധനസഹായം. | 50 |
| 9. | പച്ചക്കറി കൃഷിക്കുള്ള അവാർഡുകൾ | 50 |
| 10. | **"എ" ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള വികസന സഹായം**<br>(എ). നടപ്പു വർഷത്തിലെ 100 ക്ലസ്റ്ററുകൾക്ക് ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിൽ 6.3 ലക്ഷം രൂപ നിരക്കിൽ ധനസഹായം.<br><br>(ബി) 2013-14-ൽ ഗ്രേഡ് ചെയ്യപ്പെട്ട ക്ലസ്റ്ററുകൾക്ക് 2 ലക്ഷം രൂപ നിരക്കിൽ ധനസഹായം. | 1730 |

| | | |
|---|---|---|
| | (സി) ഗ്രേഡ് ചെയ്യപ്പെടാത്ത കാര്യക്ഷമമായ 600 ക്ലസ്റ്ററുകൾക്ക് 1.5 ലക്ഷം രൂപ നിരക്കിൽ ഉൽപാദനത്തിനും, വിപണനത്തിനുമുള്ള ധനസഹായം. | |
| 11. | സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം. തിരഞ്ഞെടുക്കപ്പെട്ട 238 ക്ലസ്റ്ററുകളിൽ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ സൂക്ഷ്മ മൂലകങ്ങളുടെ വള പ്രയോഗം | 50 |
| 12. | ഡോക്യുമെന്റേഷൻ | 50 |
| 13. | സി.എം.ഡി മുഖേനയുള്ള പദ്ധതി അവലോകനം | 40 |
| 14. | ബ്ലോക്കു തല ഫെഡറേറ്റഡ് സമിതികൾ - 2013-14, 2014-15 രൂപീകരിക്കപ്പെട്ട 40 ബ്ലോക്കു തല ഫെഡറേറ്റഡ് സമിതികൾക്ക് 2 ലക്ഷം രൂപ നിരക്കിൽ സഹായധനം. | 400 |
| 15. | കിഴങ്ങു പയറുവിള വികസനം<br>(എ) കിഴങ്ങുവിള വികസനം - 75 ലക്ഷം രൂപ സി.റ്റി.സി.ആർ.ഐ മുഖേന (പത്തനംതിട്ട, തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ )<br>(ബി) പയറുവിള വികസനം (25 ലക്ഷം രൂപ ) ഹെക്ടറിന് 10000 രൂപ നിരക്കിൽ 250 ഹെക്ടറിന് സഹായം - (തിരുവനന്തപുരം, കൊല്ലം. കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ ജില്ലകളിൽ). | 100 |
| 16. | നഴ്സറികളുടെ സ്ഥാപനം - ബ്ലോക്കുതലത്തിൽ 5 ലക്ഷം രൂപ ധനസഹായം നൽകി 15 നഴ്സറികൾ. | 75 |
| 17. | മഴമറകൾ - 75% നിരക്കിൽ 200 മഴമറകൾക്ക് ധനസഹായം. | 100 |
| 18. | സങ്കരവിത്തിനങ്ങളുടെ പ്രദർശന തോട്ടം- 225 യൂണിറ്റുകൾക്ക് ധനസഹായം. | 25 |
| 19. | സൂക്ഷ്മ ജലസേചനവും. ജലസേചനം വഴിയുള്ള വള പ്രയോഗവും - 2200 യൂണിറ്റുകൾക്ക് ധനസഹായം. | 425 |
| 20. | ആകെ | 6400 |

തുടർച്ചാനുമതി നൽകിക്കഴിഞ്ഞുള്ള തുകയ്ക്കുള്ള പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് അനുമതി നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 2013-14 സാമ്പത്തിക വർഷത്തിൽ

തിരുവനന്തപുരം,കോഴിക്കോട്, എറണാകുളം, കണ്ണൂർ, പാലക്കാട് എന്നീ ജില്ലകളിൽ രാഷ്ട്രിയ കൃഷി വികാസ് യോജനയുടെ ധനസഹായമായ 9 കോടി രൂപ വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് എന്ന പദ്ധതി നടപ്പത്തിനായി അനുവദിച്ചിരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ രാഷ്ട്രിയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സാഹായത്തോടു കൂടി സുസ്തിര ശീതകാല പച്ചക്കറി കൃഷി വികസനം എന്ന പദ്ധതി ഇടുക്കി ജില്ലയിൽ വട്ടവട, കാന്തല്ലൂർ പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു.

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ, പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി, 2013-14 സാമ്പത്തിക വർഷം സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു

- **നാടൻ പച്ചക്കറികളുടെ പ്രചാരം :-** പച്ചക്കറികളിലെ നാടൻ ഇനങ്ങൾ കണ്ടെത്തുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി 14 ജില്ലകളിലും മേന്മയേറിയ നാടൻ ഇനങ്ങളുടെ 20 പ്രദർശനത്തോട്ടങ്ങളൊരുക്കുകയും മികച്ച ഇനങ്ങൾ . തെരഞ്ഞെടുക്കുകയും ചെയ്തു.
- **പച്ചക്കറി കൃഷി വ്യാപനം :-** പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 900 ഹെക്ടർ സ്ഥലത്ത് ശീതകാല പച്ചക്കറികൾ ഉൾപ്പെടെയുള്ള പച്ചക്കറികൾ കൃഷി ചെയ്തിട്ടുണ്ട്.
- **ഹരിതനഗരി:-** ഗൃഹപരിസരങ്ങളിലും മട്ടുപ്പാവിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള ഹരിതനഗരി പദ്ധതിയിൽ 6921 പേർ ഉപഭോക്താക്കളായി.
- **നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും:-**
  - ഗാർഹിക പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി അത്യുൽപ്പാദന ശേഷിയുള്ള 53 ലക്ഷം പച്ചക്കറിത്തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുകയുണ്ടായി.
  - ആലത്തൂരിലുള്ള വിത്ത് സംസ്ക്കരണശാല വഴി 17 ഇനം അത്യുൽപ്പാദന ശേഷിയുള്ള പച്ചക്കറി

വിത്തുകൾ വിതരണം ചെയ്തു. വിത്തുൽപ്പാദനത്തിൽ പരിശീലനം സിദ്ധിച്ച 104 കർഷകർ 750 ഏക്കറിൽ നിന്നും ഉൽപ്പാദിപ്പിച്ച 40 മെട്രിക് ടൺ വിത്താണ് വിത്ത് സംസ്ക്കരണശാല വഴി സംസ്ക്കരിച്ച് വിതരണം നടത്തിയത്.

- വിത്ത് സംസ്ക്കരണശാലയിൽ പ്രവർത്തനസജ്ജമാക്കിയിട്ടുള്ള ടിഷ്യുക്കൾച്ചർ ലാബിൽ നിന്നും 12.64 ലക്ഷം ടിഷ്യുക്കൾച്ചർ വാഴത്തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു.
- ഫലവൃക്ഷങ്ങളുടെ 7 ലക്ഷം ഗ്രാഫ്റ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

- **പങ്കാളിത്ത ഗവേഷണം:-** ഈ പദ്ധതി പ്രകാരം 100 പരീക്ഷണത്തോട്ടങ്ങൾ നടത്തുകയും 70 മാതൃകാ പ്രദർശനത്തോട്ടങ്ങളും 30 തീവ്രയത്ന പരിപാടികളും സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യകളും പ്രകൃതിക്കിണങ്ങിയ കൃഷിരീതികളും, കമ്പോസ്റ്റിങ് രീതികളും ഫലപ്രദമായി പ്രചരിപ്പിക്കുന്നതിന് ഇവ സഹായിച്ചിട്ടുണ്ട്.
- 2013 - 14 സാമ്പത്തിക വർഷം ആരംഭിച്ച 8 വിപണികളും 13 സംഭരണകേന്ദ്രങ്ങളും ഉൾപ്പെടെ 262 വിപണികളും 139 സംഭരണകേന്ദ്രങ്ങളും കൗൺസിലിന് നിലവിൽ ഉണ്ട്.
- 13 പച്ചക്കറിത്തൈ ഉല്പാദനകേന്ദ്രങ്ങൾ പാലക്കാട്, കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ. എറണാകുളം, പത്തനംതിട്ട, കോട്ടയം, തിരവനന്തപുരം എന്നീ ജില്ലകളിലായി ആരംഭിച്ചു.
- പെരി അർബൻ അഗ്രിക്കൾച്ചർ പദ്ധതി തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം ജില്ലകളിൽ നടപ്പിലാക്കി
- കൗൺസിലിലെ കർഷകർ കഴിഞ്ഞ സാമ്പത്തിക വർഷം 22511 ഹെക്ടർ സ്ഥലത്ത് പച്ചക്കറികൾ കൃഷിചെയ്ത് 1,44,383 മെട്രിക് ടൺ പച്ചക്കറികൾ ഉല്പാദിപ്പിച്ചിട്ടുണ്ട്.
- 2013-14 സാമ്പത്തിക വർഷം, സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി 10 ഗ്രാം വീതം തൂക്കമുള്ള 13 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകൾ വിതരണം ചെയ്തു. 3000 വീടുകളിൽ ഈ പദ്ധതിയുടെ ഭാഗമായി ഗ്രോബാഗുകൾ വിതരണം ചെയ്തിട്ടുണ്ട്.

ബി) പച്ചക്കറിയുടെ സ്വയം പര്യാപ്തതക്ക് വിപുലമായ ആധുനിക പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെങ്കിലും പദ്ധതി ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ബി) സംസ്ഥാന സർക്കാർ ആധുനിക കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഹൈടെക് കൃഷി, ടിഷ്യൂകൾച്ചർ, വാഴ കൃഷി തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിന് സബ്സിഡി നൽകി വരുന്നു. വിശദാംശങ്ങൾ ചുവടെ പറയും പ്രകാരമാകുന്നു.

2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ഹൈടെക് കൃഷി വ്യാപകമാക്കുവാൻ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഹൈടെക് ഫാമിംഗ് പദ്ധതി നടപ്പിലാക്കി വരുന്നു. 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പോളീഹൗസ് നിർമ്മിക്കുന്നതിന് ചെലവ് പ്രതീക്ഷിക്കുന്ന 3.74 ലക്ഷം രൂപയുടെ 75% തുകയായ 2,80,500/- രൂപ ധനസഹായമായി നൽകിവരുന്നു. ഇതിൽ 1.87 ലക്ഷം രൂപ ദേശീയ ഹോർട്ടികൾച്ചർ മിഷൻ വിഹിതവും 0.935 ലക്ഷം രൂപ സംസ്ഥാന വിഹിതവുമായാണ് നൽകിയിട്ടുള്ളത്.

2013-14 സാമ്പത്തിക വർഷത്തിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനുള്ള ഭരണാനുമതി നൽക്കുകയും 128000 ചതുരശ്ര മീറ്റർ പോളീഹൗസ് നിർമ്മിക്കുന്നതിനാവശ്യമായ 3 കോടി രൂപ വകയിരുത്തുകയും ചെയ്തു.

ഇതിൻ പ്രകാരം 400 മുതൽ 4000 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പോളീഹൗസ് നിർമ്മിക്കുന്നതിന് ചതുരശ്ര മീറ്ററിന് ചെലവ് പ്രതീക്ഷിക്കുന്ന 935 രൂപയുടെ 75% തുകയായ 701.25 രൂപ ധനസഹായമായി നൽകുന്നതാണ്. ഇതിൽ 50% തുകയായ 467.50 രൂപ ദേശീയ ഹോർട്ടികൾച്ചർ മിഷൻ വിഹിതവും 233.75 രൂപ സംസ്ഥാന വിഹിതവുമായാണ് നൽകുന്നത്.

കൂടാതെ മുൻ വർഷത്തിൽ നിന്നും നീക്കിയിരിപ്പുള്ള തുക വിനിയോഗിച്ചു കൊണ്ട് 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള 111 (ആകെ 44400 ചതുരശ്ര മീറ്റർ) പോളീഹൗസുകൾ നിർമ്മിക്കുവാനും മാർച്ച് മാസം 31 ന് മുമ്പായി പൂർത്തീകരിക്കാനുമാണ് ലക്ഷ്യമിടുന്നത്.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കിയ നാച്ച്യുറലി വെന്റിലേറ്റഡ് ട്യൂബുലാർ സ്ട്രക്ച്ചറിലെ ഹൈടെക് കൃഷി പദ്ധതി, സംസ്ഥാന സർക്കാർ 2012-13-ൽ നടപ്പിലാക്കിയ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയും തിരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് പരമാവധി 40 മുതൽ 4000 ചതുരശ്ര മീറ്റർ വരെയുള്ള പോളീ ഹൗസുകൾ

നിർമ്മിക്കുന്നതിന് ചതുരശ്ര മീറ്ററിന് ചെലവ് പ്രതീക്ഷിക്കുന്ന 935 രൂപയുടെ 50% തുകയായ 467.50 രൂപ ധനസഹായമായി നൽകുന്നു.

ടിഷ്യൂക്കൾച്ചർ വാഴകൃഷിക്കായി ഹെക്ടർ ഒന്നിന് പദ്ധതി ചെലവായ 1.25 ലക്ഷം രൂപ എന്ന പരിധിയ്ക്ക് വിധേയമായി 40% തുകയായ 50,000/- രൂപ 75:25 എന്ന അനുപാതത്തിൽ ധനസഹായമായി നൽകുന്നു.

കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം ആർ.കെ.വി.വൈ യുടെ ധനസഹായത്തോടെ ആലപ്പുഴ ജില്ലയിൽ ഒരു ഹൈടെക് പച്ചക്കറിത്തൈ ഉല്പാദന യൂണിറ്റ് പ്രതിവർഷം 2 കോടി പച്ചക്കറിത്തൈകൾ ഉല്പാദിപ്പിക്കുവാൻ ശേഷിയുള്ള-താകും ടി യൂണിറ്റ്.

സെക്ഷൻ ഓഫീസർ